തുടർന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം 10 അധിക ബോർഹോളുകൾ എടുത്തു. ജിയോളജിക്കൽ മാപ്പിംഗ് പൂർത്തിയാക്കി. ബോർഹോളുകളുടെ permeability test നടത്തുകയുണ്ടായി. ഈബോർഹോളുകളിൽനിന്നും ശേഖരിച്ച സാമ്പിളുകളുടെ strength test നടത്തേണ്ടതായിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മാപ്പിംഗുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഈ മാസം അവസാനത്തോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

10 (*70) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മരുന്ന്, ചികിത്സാ ഉപകരണങ്ങൾ എന്നിവ സംഭരിക്കുന്നതിനായി കോർപ്പറേഷന് സർക്കാർ എത്ര രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളും, ചികിത്സാ സാമഗ്രികളും എത്തിക്കാൻ കഴിയുന്നുണ്ടോ ;

(ഡി) പേവിഷബാധയ്ക്കുള്ള മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ടോ ;

(ഇ) ആശുപത്രികളിൽ കാൻസർ, വൃക്കരോഗം എന്നിവയ്ക്കുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) മരുന്നുകൾ സംഭരിക്കുന്നതിന് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമം വിശദമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ഉണ്ട്. ആരോഗ്യവകുപ്പ് സെക്രട്ടറി ചെയർമാനായും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി, തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസിലെ പ്രൊഫസർ എന്നിവ അംഗങ്ങളായ ഒരു ഡയറക്ടർ ബോർഡ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുകയും കോർപ്പറേഷനുവേണ്ട മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സർക്കാർതലത്തിലും കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മരുന്ന്, ചികിത്സാ ഉപകരണങ്ങൾ എന്നിവ സംഭരിക്കുന്നതിന് കോർപ്പറേഷന് സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റ് തുക (കോടിയിൽ)	ഗവൺമെന്റിൽനിന്ന് കിട്ടിയ തുക (കോടിയിൽ)	മരുന്ന് വാങ്ങിയത് (കോടിയിൽ)
2008-09	129.67	95.03	134.76
2009-10	130.00	130.00	159.85
2010-11 (ജനുവരി വരെ)	145.00	112.50	123.82
ആകെ	404.67	337.53	418.43

ഉപകരണങ്ങൾ

വർഷം	ഗവൺമെന്റിൽനിന്ന് കിട്ടിയ തുക (കോടിയിൽ)	ഉപകരണങ്ങൾ വാങ്ങിയത് (കോടിയിൽ)
2008-09	46.96	...
2009-10	44.92	34.49
2010-11 (ജനുവരി വരെ)	6.97	49.02
ആകെ	98.85	83.51

(സി) ഉണ്ട്. ഓരോ സാമ്പത്തിക വർഷത്തിലും ആരോഗ്യവകുപ്പിന്റേയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റേയും കീഴിലുള്ള ആശുപത്രികൾക്ക് വേണ്ടിവരുന്ന മരുന്നുകളുടെയും ചികിത്സാ സാമഗ്രികളുടെയും ഇൻഡന്റുകൾ കോർപ്പറേഷൻ മുൻകൂട്ടിവാങ്ങി അതനുസരിച്ചുള്ള മരുന്നുകൾ ആവശ്യാനുസരണം ഒരു നിശ്ചിത ക്രമമനുസരിച്ച് നൽകിവരുന്നു. കോർപ്പറേഷൻ നിലവിൽവന്നശേഷം ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) പേവിഷബാധ ചികിത്സയ്ക്ക് സൗകര്യമുള്ള എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ആരോഗ്യവകുപ്പ് ഡയറക്ടറുടെയും ആരോഗ്യ വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെയും ഇൻഡന്റുകൾ പ്രകാരം ക്യാൻസർ വൃക്കരോഗം എന്നീ രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ അവശ്യമരുന്നുകളുടെ ലിസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസർ രോഗചികിത്സക്കുള്ള 18 ഇന മരുന്നുകളും വൃക്കരോഗചികിത്സക്കുള്ള 4 ഇനം മരുന്നുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷത്തിൽ ക്യാൻസർ രോഗ ചികിത്സക്കുള്ള മരുന്നുകളുടെ എണ്ണം 39 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ അനുസരിച്ച് തയ്യാറാക്കുന്ന അവശ്യമരുന്നുകളുടെയും ചികിത്സാ സാമഗ്രികളുടേയും വാർഷിക ഇൻഡന്റുകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ആരോഗ്യവകുപ്പ് ഡയറക്ടറുടെയും കീഴിലുള്ള ആശുപത്രികളിൽനിന്ന് ശേഖരിച്ച് അവ സംഭരിക്കുന്നതിനുള്ള വാർഷിക ടെണ്ടറുകൾ ക്ഷണിച്ചാണ് മരുന്നുകൾ കോർപ്പറേഷൻ സംഭരിക്കുന്നത്. മരുന്ന് നിർമ്മാതാക്കളിൽനിന്നും വിദേശത്തുനിന്ന് നേരിട്ട് ഇറക്കുമതി ചെയ്യുന്നവരിൽനിന്നും മാത്രമേ കോർപ്പറേഷൻ മരുന്ന് സംഭരിക്കുന്നുള്ളു. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾപ്രകാരം പ്രവർത്തിക്കുന്നവയും നിയമാനുസൃത ലൈസൻസിന്റെ അടിസ്ഥാനത്തിൽ മരുന്ന് നിർമ്മിച്ച് മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും ശിക്ഷണ നടപടിക്ക് വിധേയമായിട്ടില്ലെന്നും ടെണ്ടറിൽ പറയുന്ന അളവ് മരുന്ന് നിർമ്മിച്ചുനൽകാൻ കഴിവുള്ളതാണെന്നുമുള്ള രേഖകൾ ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോളർ സാക്ഷ്യപ്പെടുത്തുകയും ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ മുൻ മൂന്ന് വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിന്റെയും ബാലൻസ് ഷീറ്റിന്റെയും യഥാസമയം ഇൻകം ടാക്സ് റിട്ടേണുകൾ സമർപ്പിച്ചിട്ടുണ്ട് എന്നതിന്റെയും രേഖകൾ ഹാജരാക്കണം. കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഓരോ ബാച്ച് മരുന്നുകളുടെയും സാമ്പിൾ കോർപ്പറേഷന്റെ എല്ലാ വെയർ ഹൗസുകളിൽനിന്നും ശേഖരിച്ച് ഗുണമേന്മ പരിശോധനക്കായി കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ളതും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സർക്കാർ അംഗീകൃത ലാബുകളിൽ അയച്ച് പരിശോധന നടത്തുന്നു. പ്രസ്തുത പരിശോധനയിലും നിശ്ചിത നിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ സാമ്പിളുകൾ തിരുവനന്തപുരത്തെ സർക്കാർ ഡ്രഗ് ടെസ്റ്റിംഗ് ലാബ് അടക്കം മൂന്ന് ലാബുകളിൽ വീണ്ടും പരിശോധനനടത്തുന്നു. പ്രസ്തുത പരിശോധനയിലും നിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ വിതരണം മരവിപ്പിക്കുകയും പേയ്മെന്റ് തടഞ്ഞുവയ്ക്കുകയും ചെയ്യുന്നു. ഒരു മരുന്നിന്റെ രണ്ടോ അതിലധികമോ ബാച്ചുകൾ ഗുണനിലവാരമില്ലാത്തവയെന്നുകണ്ടാൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നു. ഒരു സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾ നിശ്ചിത ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ ആ സ്ഥാപനത്തെത്തന്നെ കരിമ്പട്ടികയിൽപെടുത്തുന്നു. കൂടാതെ മറ്റ് നടപടികൾ സ്വീകരിക്കുവാൻ ഡ്രഗ്സ് കൺട്രോളറെയും വിവരം അറിയിക്കുന്നു. സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് കോർപ്പറേഷൻ മരുന്നും ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നത് ടെണ്ടർ നടപടിക്രമങ്ങളുടെ ഓരോ ഘട്ടത്തിലെയും വിവരങ്ങൾ കോർപ്പറേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.